**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4667** **02-07-2024 - ൽ മറുപടിയ്ക്ക്**

**ബാക്കിക്കയം റെഗുലേറ്റർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | തിരൂരങ്ങാടി ബാക്കിക്കയം റെഗുലേറ്ററിന്റെ ഉടമസ്ഥാവകാശം ആർക്കാണെന്ന് അറിയിക്കാമോ; പ്രസ്തുത റെഗുലേറ്ററിന്റെ ചുമതല വഹിക്കുന്നത് ഏത് ഉദ്യോഗസ്ഥനാണെന്ന് വ്യക്തമാക്കാമോ; | (എ) | ബാക്കിക്കയം റഗുലേറ്ററിന്റെ നടത്തിപ്പും പരിപാലനവും സർക്കാർ ഉത്തരവ് സ.ഉ (സാധാ) നം.421/2024/ ജവിവ തീയതി 04/06/2024 പ്രകാരം ഇറിഗേഷൻ വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. നിലവിൽ പ്രസ്തുത റഗുലേറ്റർ എക്സിക്യൂട്ടീവ് എഞ്ചിനീയർ, എം.ഐ. ഡിവിഷൻ, മലപ്പുറം, അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർ, എം.ഐ. സബ് ഡിവിഷൻ പരപ്പനങ്ങാടി, അസിസ്റ്റന്റ് എഞ്ചിനീയർ എം.ഐ. സെക്ഷൻ, വേങ്ങര എന്നീ ഉദ്യോഗസ്ഥരുടെ അധീനതയിലാണ്. |
| (ബി) | നിലവിൽ ഈ റെഗുലേറ്ററിന്റെ ഷട്ടർ ഉയർത്തുന്നതും താഴ്ത്തുന്നതും ഏത് വകുപ്പാണെന്നും ഏത് ഓഫീസിനാണ് ചുമതലയെന്നും വിശദമാക്കാമോ; | (ബി) | നിലവിൽ റഗുലേറ്ററിന്റെ ഷട്ടർ ഉയർത്തുന്നതും താഴ്ത്തുന്നതുമായ ചുമതല വേങ്ങര എം.ഐ സെക്ഷൻ, അസിസ്റ്റന്റ് എഞ്ചിനീയർക്ക് നല്കിയിരിക്കുന്നു. |
| (സി) | പ്രസ്തുത റെഗുലേറ്റർ നിർമ്മാണത്തിന്റെ ഭാഗമായി റെഗുലേറ്ററിന്റെ പരിസരത്ത് പുഴയുടെ സൈഡ് കെട്ടുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | പൂർത്തീകരിച്ചിട്ടില്ല. റഗുലേറ്റർ നിർമ്മാണത്തിന്റെ ബാലൻസ് പ്രവൃത്തികൾക്കായുള്ള 6.34 കോടി രൂപയുടെ എസ്റ്റിമേറ്റ് സർക്കാരിന്റെ പരിഗണനയിലാണ് |

സെക്ഷൻ ഓഫീസർ